**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2865** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഭവന, ഭൂ രഹിതരായ പട്ടിക ജാതി കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വകുപ്പ് മുഖാന്തിരം എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) | ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്ന ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ഗ്രാമ പഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് അഞ്ച് സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും നഗരസഭ/ കോപ്പറേഷൻ പരിധിയിൽ കുറഞ്ഞത് മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 4,50,000/- രൂപ, 6 ലക്ഷം രൂപ വീതവും അനുവദിച്ചു വരുന്നു. കൂടാതെ ലൈഫ് മിഷൻ ഉൾപ്പെടുത്തിയും ഭൂമി അനുവദിക്കുന്നു. ഭൂമി ആർജിക്കുന്ന ഗുണഭോക്താക്കൾക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു. ഭവന രഹിതരായ പട്ടികജാതി വിഭാഗക്കാരായ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ വകുപ്പിന്റെ വിഹിതമായി 1 ലക്ഷം രൂപ വീതം അനുവദിക്കുന്നുണ്ട്. |
| (ബി) | പെരിന്തൽമണ്ണ മണ്ഡലത്തിൽ ഇത്തരത്തിൽപ്പെട്ടവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | പെരിന്തൽമണ്ണ മണ്ഡലത്തിൽ 2021-22 മുതൽ ഇതുവരെ മേൽ പദ്ധതിപ്രകാരം 102 പേർക്ക് ഭൂമി നൽകി. |
| (സി) | പെരിന്തൽമണ്ണ മണ്ഡലത്തിൽ എത്ര പട്ടികജാതി കുടുംബങ്ങളാണ് വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നതെന്നും, എത്ര വീടുകളാണ് വൈദ്യുതീകരിക്കാനുള്ളതെന്നും വിശദമാക്കുമോ ? | (സി) | പെരിന്തൽമണ്ണ മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 26 ആണ്. വൈദ്യുതീകരിക്കാത്ത വീടുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ